നെൽകൃഷിക്ക് ഉൽപ്പാദന ബോണസ്

53 [5507] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി ദിനംപ്രതി ലാഭകരമല്ലാത്ത സ്ഥിതിയിൽ ഉൽപ്പാദന ചെലവുമായി താരതമ്യപ്പെടുത്തി ഉൽപ്പാദനബോണസ് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ മേൽ ഉൽപ്പാദന ബോണസ് എപ്രകാരം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഇപ്പോൾ കർഷകർക്ക് ഹെക്ടറിന് 350 രൂപ നിരക്കിൽ ഉൽപ്പാദനബോണസ് നൽകി വരുന്നുണ്ട്. ഉൽപ്പാദന ചെലവിനനുസൃതമായി ബോണസ് നൽകുന്ന കാര്യം പരിഗണനയിലില്ല.

കൃഷിക്ക് അനുയോജ്യമായ നെൽപ്പാടങ്ങൾ തരം മാറ്റുന്നതിനെതിരെയുള്ള കേസുകൾ

54 [T 5508] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് അസംബ്ലി മണ്ഡലത്തിൽപ്പെട്ട വില്ലേജുകളിൽ കൃഷിക്ക് അനുയോജ്യമായ നെൽപ്പാടങ്ങൾ തരംമാറ്റുന്നതിനെതിരെ 2003-ൽ എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ട്;

(ബി) ഇത്തരത്തിൽ ചാർജ് ചെയ്ത കേസുകളിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) കെ. എൽ. യു. ഓർഡർ പ്രകാരം നടപടികൾ തുടരുന്നത് എത്ര കേസുകളിന്മേലാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) നിലം തരം മാറ്റുന്നതിനെതിരെ 2003-ൽ കേസുകളൊന്നും ചാർജ് ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി, ഡി) കെ. എൽ. യു. ഓർഡർ പ്രകാരം നടപടി സ്വീകരിക്കേണ്ടതായി ഹരിപ്പാട് നിയോജകമണ്ഡലത്തിൽ നിന്നും 8 കേസുകളാണ് ജില്ലാ കളക്ടറുടെ തീരുമാനത്തിനായെത്തിയത്. അതിൽ 2 കേസുകളിൽ നിരോധന ഉത്തരവു നൽകി. ബാക്കിയുള്ള 6 കേസുകൾ ആർ. ഡി. ഒ.-യുടെ പരിശോധനയിലാണ്.

T മാറ്റിവെക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly